"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

## സംഗ്രഹം

മത്സ്യബന്ധന വകുപ്പ് - കേരള സംസ്ഥാന മത്സ്യത്തൊഴിലാളി കടാശ്വാസ കമ്മീഷന്റെ അദാലത്ത് പട്ടിക 48-ൽ ഉൾപ്പെട്ട സഹകരണ സംഘങ്ങളിൽ നിന്നും വായ്പ എടുത്ത ഗുണഭോക്താക്കൾക്ക് കടാശ്വാസം അനുവദിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു

---

### മത്സ്യബന്ധന തുറമുഖ (ബി) വകുപ്പ്

സ.ഉ.(സാധാ) നം.752/2022/F&P തീയതി,തിരുവനന്തപുരം, 05-11-2022

---

പരാമർശം:- ഫിഷറീസ് ഡിറക്ടറുടെ 07/06/2022-ലെ DFTVM/2671/ 2020-N3 നമ്പർ കത്ത്.

## ഉത്തരവ്

കേരള സംസ്ഥാന മത്സ്യത്തൊഴിലാളി കടാശ്വാസ കമ്മീഷന്റെ പട്ടിക 48-ൽ ഉൾപ്പെട്ട സഹകരണ സംഘങ്ങളിൽ നിന്നും വായ്പ എടുത്ത 16 ഗുണഭോക്താക്കൾക്ക് കമ്മീഷൻ കടാശ്വാസം ശുപാർശ ചെയ്തിട്ടുള്ളതായും, ആയതിൽ ചുവടെ പട്ടികപ്പെടുത്തിയ പ്രകാരം കടാശ്വാസം അനുവദിക്കുന്നതിന് ആകെ 8,49,839/- രൂപ നടപ്പ് സാമ്പത്തിക വർഷത്തെ '2405-00-800-21-34-OC (നോൺ പ്ലാൻ)' എന്ന ശീർഷകത്തിൽ സഹകരണ സംഘം രജിസ്ട്രാർക്ക് അനുവദിക്കുന്നതിന് അനുമതി നൽകണമെന്ന് പരാമർശ പ്രകാരം ഫിഷറീസ് ഡയറക്ടർ അഭ്യർത്ഥിച്ചിട്ടുണ്ട്.

| പട്ടിക | ജില്ല | ഗുണഭോക്താക്കളുടെ എണ്ണം | മുതൽ | പലിശ | ആകെ |
|---|---|---|---|---|---|
| 48 | ആലപ്പുഴ | 7 | 4,88,565 | 80,824 | 5,69,389 |
| | തൃശ്ശൂർ | 1 | 6,580 | 642 | 7,222 |
| | കണ്ണൂർ | 1 | 13,500 | 0 | 13,500 |
| | കാസർഗോഡ് | 7 | 2,53,478 | 6,250 | 2,59,728 |
| ആകെ | | 16 | | | 8,49,839 |

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കേരള സംസ്ഥാന മത്സ്യത്തൊഴിലാളി കടാശ്വാസ കമ്മീഷന്റെ ശിപാർശയുടെ അടിസ്ഥാനത്തിൽ

പരാമർശ പ്രകാരം ഫിഷറീസ് ഡയറക്ടർ സമർപ്പിച്ച പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ള, കമ്മീഷന്റെ പട്ടിക 48- ൽ ഉൾപ്പെട്ട സഹകരണ സംഘങ്ങളിൽ നിന്നും വായ്പ എടുത്ത 16 ഗുണഭോക്താക്കൾക്ക് കടാശ്വാസം അനുവദിക്കുന്നതിന് ആകെ 8,49,839/- രൂപ (എട്ട് ലക്ഷത്തി നാല്പത്തിയൊമ്പതിനായിരത്തി എണ്ണൂറ്റി മുപ്പത്തിയൊമ്പത് രൂപ മാത്രം) നടപ്പ് സാമ്പത്തിക വർഷത്തെ '2405-00-800-21-34 OC (നോൺ പ്ലാൻ)' എന്ന ശീർഷകത്തിൽ നിന്നും സഹകരണ സംഘം രജിസ്ട്രാർക്ക് അനുവദിയ്ക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ലതീഷ്.എസ്.ധരൻ
അണ്ടർ സെക്രട്ടറി

ഫിഷറീസ് ഡയറക്ടർ, തിരുവനന്തപുരം
സെക്രട്ടറി, കേരള സംസ്ഥാന മത്സ്യത്തൊഴിലാളി കടാശ്വാസ കമ്മീഷൻ
കമ്മിഷണർ, കേരള മത്സ്യത്തൊഴിലാളി ക്ഷേമനിധി
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ ( ഓഡിറ്റ്), കേരള, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരള, തിരുവനന്തപുരം
ജില്ലാ ട്രഷറി ഓഫീസർ, തിരുവനന്തപുരം
ധനകാര്യ വകുപ്പ് (26/092022-ലെ ഡെവ-4/149/2022-ധന നമ്പർ കുറിപ്പ് പ്രകാരം )
കരുതൽ ഫയൽ/ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ